**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5050          24.10.2011 -ൽ മറുപടിക്ക്**

**നാദാപുരം മണ്ഡലത്തിലെ പകർച്ചവ്യാധികൾ**

| ചോദ്യം<br><br>ശ്രീ.ഇ.കെ.വിജയൻ: | | ഉത്തരം<br><br>ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിൽ എലിപ്പനി മുതലായ പകർച്ചവ്യാധികൾ പിടിപ്പെട്ടവരുടെയും മരിച്ചവരുടെയും വിവരം ലഭ്യമാക്കാമോ ; | (എ) | നാദാപുരം മണ്ഡലത്തിലെ പഞ്ചായത്തുകളായ നാദാപുരം, നരിപ്പറ്റ, കാവിലുംപാറ, മരുതോങ്കര, കായക്കൊടി, വാണിമേൽ, തൂണേരി, എടച്ചേരി, വളയം, ചെക്യാട് എന്നി പഞ്ചായത്തുകളിലെ. പകർച്ച വ്യാധി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.<br>എലിപ്പനിയെന്ന് സംശയിക്കുന്ന പനി പിടിപെട്ട് മരിച്ചവർ – മൂന്ന്<br>സംശയാസ്പദമായ എലിപ്പനി പിടിപെട്ടവർ – പന്ത്രണ്ട്<br>എലിപ്പനി (ഉറപ്പുവരുത്തിയത് )– ഒന്ന്<br>സംശയാസ്പദമായ ഡെങ്കിപ്പനി പിടിപെട്ടവർ – അഞ്ച്<br>ഡെങ്കിപ്പനി (ഉറപ്പ് വരുത്തിയത് )– രണ്ട്<br>മലേറിയ (ഉറപ്പ്.വരുത്തിയത്)– ഏഴ്<br>എച്ച് 1 എൻ1 ഉറപ്പ് വരുത്തിയത് – രണ്ട്<br>മഞ്ഞപ്പിത്തം( ഉറപ്പ് വരുത്തിയത് )_ ഇരുപത്തിനാല്<br>ടൈഫോയ്ഡ് (ഉറപ്പു വരുത്തിയത്) – എട്ട് |

| | | | |
|---|---|---|---|
| (ബി) | പകർച്ചവ്യാധികൾ തടയാനായി പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ബി) | പകർച്ചവ്യാധികൾ തടയുന്നതിനായി പ്രസ്തുത മണ്ഡലത്തിൽ ആരോഗ്യ ശുചിത്വ കമ്മിറ്റികളുടെ നേതൃത്വത്തിൽ വാർഡ്തല മീറ്റിംഗുകളും ഇന്റർ സെക്ടർ മീറ്റിംഗും നടത്തി. ബോധവൽക്കരണം, ഗൃഹസന്ദർശനം, കേസ്സുകൾ കണ്ടെത്തൽ, ക്ലോറിനേഷൻ, അണുനശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. ആശ വർക്കർമാർ മുഖേന പനി സർവ്വേ നടത്തി. സ്കൂൾ തലത്തിലും വാർഡ്തല ബോധവൽക്കരണത്തിനായി സി.ഡി. പ്രദർശനവും കുടുംബശ്രീ, അംഗൻവാടി തുടങ്ങിയവ വഴി ബോധവൽക്കരണ ക്ലാസുകളും നടത്തി. വീടുകൾ തോറും ബിറ്റ് നോട്ടീസ് വിതരണം നടത്തുകയും ശുചിത്വം പാലിക്കാത്ത ഹോട്ടലുകൾക്കെതിരെ നടപടി സ്വീകരിക്കുകയും റസിഡന്റ്സ് അസോസിയേഷനുകൾ കുടുംബശ്രീ എന്നിവ മുഖേന ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ